## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1458** | **12-02-2025 - ൽ മറുപടിയ്ക്ക്**

## കുളത്തൂപ്പുഴ ഗവ ഐടിഐ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കുളത്തൂപ്പുഴ കുവക്കാട് തമിഴ് മീഡിയം സ്കൂൾ കെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തിച്ചു വരുന്ന സർക്കാർ ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണത്തിനായി റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് വക 1.07 ഏക്കർ ഭൂമികൈമാറുന്നതിന് ബഹു. മന്ത്രിതല യോഗത്തിലെ തീരുമാനപ്രകാരം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കുമോ; | (എ) | കുളത്തൂപ്പുഴ ഐ.ടി.ഐ-ക്ക് റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് കമ്പനി വക ഭൂമി ലഭ്യമാക്കുന്ന വിഷയത്തിൽ പ്രസ്തുത കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനമെടുത്ത് ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കാം എന്നതായിരുന്നു മന്ത്രിതല യോഗത്തിൽ കൈക്കൊണ്ട തീരുമാനം. ആർ.പി.എൽ കമ്പനി കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യത്തിൽ ഐ.ടി.ഐ അധികൃതരുമായി ചർച്ച ചെയ്ത് ഭൂമി പാട്ടത്തിന് നൽകുവാനോ, തമിഴ് മീഡിയം സ്കൂളിന്റെ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഐ.ടി.ഐ-ക്ക് മതിയാകുമോയെന്ന് പരിശോധിക്കാനും ആർ.പി.എൽ ബോർഡ് യോഗം തീരുമാനിച്ചു. ബോർഡ് യോഗ തീരുമാന പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് പുനലൂർ തഹസിൽദാരോട് ആവശ്യപ്പെട്ടതിൽ പ്രസ്തുത സ്ഥലം സർവ്വെ നം.822/1-ന്റെ വിവിധ പിരിവുകളിൽപെട്ടതും 7000 നമ്പർ തണ്ടപ്പേരിൽ ഉൾപ്പെട്ട, മാനേജിംഗ് ഡയറക്ടർ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, പുനലൂർ പേരിലുള്ളതുമായ 3.8567 ഹെക്ടർ സ്ഥലം കരം തീരുവയുള്ള നിലം & പുരയിടം വിഭാഗങ്ങളിൽ ഉൾപ്പെട്ടതുമാണ്. തമിഴ് മീഡിയം സ്കൂളിലെ കോൺക്രീറ്റ് മേൽക്കൂരയോട് കൂടിയ പ്രധാന കെട്ടിടം കൂടി ലഭ്യമാക്കിയാൽ ഐ.ടി.ഐ അവിടെത്തന്നെ പ്രവർത്തിപ്പിക്കാവുന്നതാണെന്ന് എസ്റ്റേറ്റ് മാനേജരും, ഐ.ടി.ഐ പ്രിൻസിപ്പലും നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ അറിയിച്ചിട്ടുണ്ട്. ആർ.പി.എൽ ബോർഡ് തീരുമാനത്തിന് വിധേയമായി ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഭൂമി കൈമാറ്റത്തിന് നിലവിലെ സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള 1.07 ഏക്കർ ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടൊഴിയുന്ന വിഷയത്തിലും, കൂടാതെ കമ്പനി കടുത്ത |

| | | | |
|---|---|---|---|
| | ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | | സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ ഭൂമിയുടെ വില ലഭിക്കുന്നത് സംബന്ധിച്ചും ആർ.പി.എൽ ഡയറക്ടർ ബോർഡ് തീരുമാനം ലഭ്യമാകുന്നതനുസരിച്ച് പരിശോധിക്കുന്നതാണ്. |
| (സി) | കുളത്തൂപ്പുഴ ആഞ്ഞിലിമൂട് പ്രദേശത്തെ 1.07 ഏക്കർ ഭൂമി നിലവിൽ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശത്തിലും, കരമടവിലും ഉൾപ്പെട്ടതിനാൽ വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി കൈമാറ്റത്തിനുള്ള തീരുമാനങ്ങൾ എടുക്കുന്നതിനും, പ്രസ്തുത ഐ.ടി.ഐ. നടപ്പാക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള 1.07 ഏക്കർ ഭൂമി റവന്യൂ വകുപ്പിലേക്ക് വിട്ടൊഴിയുന്ന വിഷയത്തിലും, കൂടാതെ കമ്പനി കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ ഭൂമിയുടെ വില ലഭിക്കുന്നത് സംബന്ധിച്ചും ആർ.പി.എൽ ഡയറക്ടർ ബോർഡ് തീരുമാനം ലഭ്യമാകുന്നതനുസരിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ